(ബി) മൂന്നിക്കാണിച്ച സ്ഥലങ്ങളിൽ റബ്ബർഫാക്ടറി കൊള്ളാവുന്നവയാണെന്നും റബ്ബർബോർഡും അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റിന്റെ പക്കൽ ആ അഭിപ്രായം എന്നും എത്തി ;

(ഡി) അതിനുശേഷം എന്തു നടപടി ഗവണ്മെന്റു നടത്തി ?

വ്യവസായമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ—ഡി) ഇതിനാവശ്യമായ വിവരങ്ങളും ശേഖരിക്കുന്നതിനുള്ള ഫയൽ വേറൊരു കേസ്സുസംബന്ധിച്ചിരിക്കുകയാണു്. അതുകൊണ്ടു് വിവരങ്ങളും ശേഖരിച്ചുവരുന്നു എന്നാണു മറുപടി പറയേണ്ടതു്. എന്നാൽ, എ-യ്ക്കും ബി-യ്ക്കും ഉണ്ടു്, ഉണ്ടു്, എന്നു മറുപടി പറയാൻ സാധിക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഉണ്ടു്, ഉണ്ടു് എന്ന മറുപടിയെ സംബന്ധിച്ചു് അതു വളരെ വേഗത്തിൽ നടപ്പിലാക്കാൻ ഗവണ്മെന്റു നടപടി നടത്തുമോയെന്നു പറയുമോ ?

ശ്രീ. കെ. സി. ജോർജ്ജു് : എന്തു ചെയ്യണമെന്നു് തീരുമാനിച്ചുകഴിഞ്ഞാലെ ഇതിനെ സംബന്ധിച്ചുള്ള നടപടിയെടുക്കാൻ കഴിയൂ. ഏതായാലും ഒരു തീരുമാനമെടുക്കുവാനുള്ള നടപടികളും വളരെ വേഗത്തിൽ നടത്തുന്നതാണു്.

*Hard Board Factory.*

* 1398. [25] †**Shri K. Chandrasekharan** : Will the Minister for Industries be pleased to state :

(a) whether the Hard Board Factory proposed to be started at Baliapatam during the current year is one in the private sector or in the public sector ;

(b) is it a fact that this factory is proposed to be started by Shri A. K. Khader Kutty with the aid of Rs. 50 lakhs contribution from the Central Government ;

(c) is it a fact that the State Government have no shares and have not granted any loan to this factory ;

(d) is it a fact that this factory can employ only 180 workers for all the three shifts together ; and

(e) whether the honourable Minister on 18-4-1959 has stated on the floor of this House during this meeting (i) that Hard Board Factory by Government would be opened at Baliapatam during the current year, (ii) that the said factory would employ about thousand workers ; whether the said statements are correct ?

*Minister for Industries* (**Shri K. P. Gopalan**) :

(a) It is in the private sector.

(b) The factory is proposed to be started by Messrs. Western India Plywood Ltd., Baliapatam of which Shri A. K. Khader Kutty is the Managing Director. The Central Government does not seem to have contributed anything, but it is understood that the N. I. D. C. has advanced a loan of Rs. 30 lakhs.

† As the member was absent the question was put by Shri M. Narayana Kurup with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(c) Yes.

(d) It is understood that though the original scheme was for providing employment to about 1,000 persons only a lesser number can be immediately employed on account of the highly mechanised mode of production now planned.

(e) No.

ശ്രീ. എം നാരായണക്കുറുപ്പ് : അന്നു് ഗവണ്മെൻറു് പ്രസ്താവിച്ചതു് എന്താണു് ; ഗവണ്മെൻറു് മാനേജു്മെൻറിൽ ഒരു ഫാക്ടറി തുടങ്ങുമെന്നല്ലേ അന്നു് പ്രസ്താവിച്ചതു്.

ശ്രീ. കെ. പി. ഗോപാലൻ : അന്നു് അങ്ങനെ പ്രസ്താവിച്ചിട്ടില്ല.

ശ്രീ എം. നാരായണക്കുറുപ്പ് : അന്നു ഗവണ്മെൻറു് ചെയ്ത പ്രസ്താവന ഒന്നു് കേട്ടാൽ കൊള്ളാം.

ശ്രീ. കെ. പി. ഗോപാലൻ: ഈ സാമ്പത്തികവർഷത്തിൽ വളപട്ടണത്തു് സഹകാരിമേഖലയിൽ ഒരു ഹാർഡ്ബോർഡു് ഫാക്ടറി തുടങ്ങുന്നതാണെന്നാണു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : ഗവണ്മെൻറു് തുടങ്ങുമെന്നു പറഞ്ഞ ഫാക്ടറിയിൽ എത്ര ആളുകൾക്കു് ജോലികൊടുക്കുവാൻ സൗകര്യമുണ്ടാകുമെന്നു് പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ആയിരം ആളുകൾക്കു് ജോലി കൊടുക്കുവാനുള്ള സ്കീമായിരുന്നു ആദ്യമുണ്ടായിരുന്നതു്. അതിനു ശേഷം ആ സ്കീം ഭേദപ്പെടുത്തി വളരെയധികം മെക്കനൈസ്ഡ് പ്രാസമസ്സുള്ള ഒരു ഫാക്ടറി ഉണ്ടാക്കുവാനാണു് തീരുമാനിച്ചതു്. ആ തീരുമാനത്തിൻറെ ഫലമായി എംപ്ലോയിമെൻറു് കുറയും.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ആദ്യം ആയിരം ആളുകൾക്കു് ജോലികൊടുക്കാം എന്നു പറഞ്ഞു. ഇപ്പോൾ 150 ആളുകൾക്കു് ജോലികൊടുക്കുവാനേ സാധിക്കയുള്ളു എന്നു പറയുന്നു. വാസ്തവത്തിൽ എത്ര ആളുകൾക്കു് ജോലി കൊടുക്കുവാൻ സാധിക്കുമെന്നു് പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതിനെക്കുറിച്ചു് അനേക്ഷിച്ചു് പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ് : (സി)-യുടെ ഉത്തരം എന്താണെന്നു് കേട്ടില്ല.

ശ്രീ. കെ. പി. ഗോപാലൻ : "Yes" എന്നാണു് പറഞ്ഞതു്.

ശ്രീ എം. നാരായണക്കുറുപ്പ് : Yes എന്നു പറഞ്ഞാൽ ഷെയർ എടുത്തിട്ടുണ്ടെന്നും ലോൺ കൊടുത്തിട്ടുണ്ടെന്നുമാണോ ?

## പാലക്കാടു ഡിസ്ട്രിക്ടിലെ കർഷകർക്കു നൽകിയ ലോൺ.

* 1399. [26] ശ്രീ. കെ. ഈച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റോറിൽവച്ചു് ഏറ്റവും നെല്ലു് ഉൽപ്പാദിപ്പിക്കുന്ന പാലക്കാടു് ഡിസ്ട്രിക്ടിലെ കർഷകരെ സഹായിക്കുവാൻ വേണ്ടി ലോൺ കൊടുക്കുവാൻ 1958-59-ലേക്കു് എത്ര സംഖ്യ ഗവണ്മെൻറു് നീക്കിവച്ചിരുന്നു;

(ബി) ഒരു ഏക്കർ കൃഷി ചെയ്യുന്ന കർഷകനു് എത്ര രൂപ്പിക ലോൺ കൊടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly